## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3918** | **24.08.2017**-ന് മറുപടിയ്ക്ക്

### ഒ.ഇ.സി. വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ് :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒ.ഇ.സി. വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ ; | (എ) എസ്.സി. വിഭാഗങ്ങൾക്ക് പൊതുവെ നൽകി വരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗത്തിനും അനുവദിക്കുന്നുണ്ട്. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് ചുവടെ ചേർക്കുന്ന കോഴ്സുകളിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു.<br>1) പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്<br>2) പോസ്റ്റ്മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും<br>3) സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കോഴ്സുകൾ<br>4) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ<br>5) ഡീംഡ് യൂണിവേഴ്സിറ്റികൾ<br>6) പാരലൽ കോളേജുകൾ എന്നിവയിലും സംസ്ഥാനത്തിന് പുറത്ത് വ്യവസ്ഥകൾക്ക് വിധേയമായി ജനറൽ കോഴ്സുകൾ / പ്രൊഫഷണൽ കോഴ്സുകൾ വിദേശ പഠനം എന്നിവയിലും ആനുകൂല്യം അനുവദിക്കുന്നു. വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. |

(ബി) പ്രസ്തുത വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യത്തിനുള്ള നിലവിലെ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്നും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ലാതെയാണ് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത്. 23.05.2014 -ലെ സ.ഉ.(എം.എസ്) നം. 10/2014/പി.സ.വി.വ. പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 30 സമുദായങ്ങൾക്ക് ആറ് ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം ടി വരുമാന പരിധി ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) എസ്.സി. വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗങ്ങൾക്കും നിലവിൽ നൽകിവരുന്നുണ്ടോ ; വിശദവിവരം നൽകുമോ ?

(സി) എസ്.സി. വിഭാഗങ്ങൾക്ക് പൊതുവെ നൽകി വരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും (പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള സ്കീമുകളിലെ ആനുകൂല്യങ്ങൾ ഒഴികെ) ഒ.ഇ.സി. വിഭാഗത്തിനും അനുവദിക്കുന്നുണ്ട്. വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

59

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ. (അച്ചടി) നമ്പർ 50/2009/പജ.പവ.വിവ. തിരുവനന്തപുരം, 2009 ജൂലൈ 2.

---

പരാമർശം:—1-2-2008-ലെ സ. ഉ. (എംഎസ്.) 20/08/പജ.പവ.വിവ.

## ഉത്തരവ്

സംസ്ഥാന സർക്കാർ അനുവദിക്കുന്ന വിദ്യാഭ്യാസാനുകൂല്യം പ്രയോജനപ്പെടുത്തി കേരളീയരായ ധാരാളം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ കേരളത്തിനകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നുണ്ട്. വിവിധ കോഴ്സുകൾക്കായി സർക്കാർ കാലാകാലങ്ങളിലെ ആവശ്യങ്ങൾ പരിഗണിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിരവധി ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് ഫീസാനുകൂല്യം ഇപ്പോൾ നൽകിവരുന്നത്. വർഷംതോറും പുതിയ പുതിയ കോഴ്സുകൾ രാജ്യത്ത് വിദ്യാഭ്യാസ മേഖലയിലേക്ക് ചേർക്കപ്പെടുന്നുണ്ട്. അത്തരം കോഴ്സുകൾക്ക് ഫീസാനുകൂല്യം അനുവദിക്കുവാൻ നിലവിലുള്ള ചട്ടത്തിൽ വ്യവസ്ഥയില്ലാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്.

കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് വിദ്യാഭ്യാസരംഗത്തെ സംസ്ഥാനത്തിനകത്തുള്ള പഠനം എന്നും സംസ്ഥാനത്തിന് പുറത്തുള്ള പഠനം എന്നും രണ്ട് വിഭാഗം ആയി തിരിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

GCPT. 3/2434/2009//DTP.

www.keralagovernmentorders.blogspot.com

(69)



വിഭാഗം—I സംസ്ഥാനത്തിനകത്തുള്ള പഠനം

A. പ്രീ-മെട്രിക് വിദ്യാഭ്യാസം

(a) (i) നഴ്സറി മുതൽ 10-ാം ക്ലാസ്സ് വരെ (സർക്കാർ/എയിഡഡ് സ്കൂളുകളിൽ).

(ii) ജി. വി. രാജ സ്പോർട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ ഇവയിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനം.

(iii) അംഗീകൃത അൺഎയിഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ്മെന്റ് പദ്ധതി (സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും മാത്രം നൽകുന്നതാണ്).

(iv) സാക്ഷരത മിഷൻ 10-ാം തരം തുല്യതാപഠനം (ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

(b) (i) ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനുകീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(ii) ഐ. എച്ച്. ആർ. ഡി. ക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(iii) ഐ. റ്റി. ഐ., ഐ. റ്റി. സി., നോൺ മെട്രിക് ട്രേഡുകൾ (സർക്കാരിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉള്ളവ).

(iv) എഞ്ചിനീയറിംഗ് ആന്റ് നോൺ എഞ്ചിനീയറിംഗ് വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ—നോൺ മെട്രിക് ട്രേഡുകൾ [Kerala Government Certificate in Engineering (KGCE)] (സർക്കാരിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉള്ളവ).

(c) IHRD, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ—സർക്കാർ അംഗീകാരവും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരവും ഉള്ള വൊക്കേഷണൽ എഞ്ചിനീയറിംഗ്, നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ.

B. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

(i) +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ, ജി. വി. രാജാ സ്കൂൾ, പോളിടെക്നിക്കുകൾ, IHRD സ്കൂളുകൾ.

(ii) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച വിവിധ ഡിപ്ലോമ, ഡിഗ്രി, പി. ജി. കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ പടിക പ്രകാരം).

www.keralagovernmentorders.blogspot.in

(a) ഒരു പോസ്റ്റ് മെട്രിക് കോഴ്സിനുപുറമേ മറ്റു രണ്ടു കോഴ്സുകൾക്കു കൂടി എല്ലാവിധ ആനുകൂല്യങ്ങളും വാങ്ങി പഠിക്കാവുന്നതാണ്. ഇതിനു മുൻപിലത്തെ കോഴ്സ് പൂർത്തിയാക്കണമെന്നില്ല.

(iii) വിവിധ പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ പട്ടിക പ്രകാരം).

(iv) പോളിടെക്നിക് കോഴ്സുകൾ, ITI, ITC മെട്രിക് ട്രേഡുകൾ (സർക്കാരിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും അംഗീകാരമുള്ളവ).

(v) സർക്കാർ നിയന്ത്രിത് കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിലെ കോഴ്സുകൾ (മറ്റു സഹകരണ യൂണിയൻ സ്ഥാപനങ്ങളെ പരിഗണിക്കില്ല).

(vi) കേന്ദ്ര-സംസ്ഥാന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംസ്ഥാന കേന്ദ്ര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ. ബി. എസ്. സെന്റർ, ഐ. എച്ച്. ആർ. ഡി., സി-ഡിറ്റ്, C-DAC, ER&DC തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകൾ (സർക്കാരുകളുടെ നേരിട്ടുള്ള നിയന്ത്രണ ത്തിലുള്ളവ മാത്രം. ഫ്രാഞ്ചൈസികളെ ഉപയോഗിച്ചുള്ളവയ്ക്ക് അർഹതയില്ല).

(vii) യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയിഡഡ്) എന്നിവയിലെ അൺഎയിഡഡ് കോഴ്സുകൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ അൺ എയിഡഡ് കോഴ്സുകൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുകയില്ല.

(viii) എം. ഫിൽ., പിഎച്ച്. ഡി., എം. ടെക്., എം. ലിറ്റ്. തുടങ്ങിയ കോഴ്സുകളിൽ യു. ജി. സി./ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു. ജി. സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതാണ്.

(ix) സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും (IGNOU) ഓഫ് ക്യാമ്പസ് കോഴ്സുകൾ (അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

(x) ഈവനിംഗ് കോഴ്സുകൾ (പാർട്ട് ടൈം കോഴ്സുകൾ).

(xi) വിദൂര വിദ്യാഭ്യാസ കോഴ്സുകൾ.

www.keralagovernmentorders.blogspot.in

മേൽപ്പറഞ്ഞവയിൽ പ്രീ-മെട്രിക് തലത്തിൽ A (a) (i) മുതൽ (a) (ii) വരെയും (b) (i) മുതൽ (iv) വരെയും (c)-ലും പോസ്റ്റ് മെട്രിക് തലത്തിൽ B (i) മുതൽ (vii) വരെയും സൂചിപ്പിച്ചിട്ടുള്ളവയ്ക്ക് പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകുന്നതാണ്. B (ix), (x), (xi) എന്നിവയിൽ യൂണിവേഴ്സിറ്റിക്ക്/ബോർഡിന് നൽകേണ്ട യഥാർത്ഥ ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവ മാത്രം അനുവദിക്കുന്നതാണ്.

പോസ്റ്റ് മെട്രിക് തലത്തിൽ മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും മാത്രം പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളു.

നിലവിലുള്ള റിസർവേഷൻ അനുസരിച്ച് ഏതെങ്കിലും സ്ഥാപനം നിയമാനുസൃതമായി പ്രൊഫഷണൽ കോഴ്സുകൾക്ക് 10%, മറ്റു കോഴ്സുകൾക്ക് 20% റിസർവേഷനുപരിയായി പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നുണ്ടെങ്കിൽ അതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഇവർക്ക് സർക്കാർ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

സർക്കാർ നിയന്ത്രിത/അംഗീകൃത/എയിഡഡ് സ്ഥാപനങ്ങളിലെ മാനേജ്മെന്റ് പ്രിവിലേജ്/എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല.

റയിൽവേ, ഫാക്റ്റ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് സ്ഥാപനത്തിന്റെ നിരക്കിലും മറ്റ് ആനുകൂല്യങ്ങൾ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരവും അനുവദിക്കുന്നതാണ്. പി. റ്റി. എ. ഫണ്ട്, ക്വാഷൻ ഡിപ്പോസിറ്റ് എന്നിവ നൽകുന്നതല്ല.

C. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കോഴ്സുകൾ

(i) ഗവൺമെന്റ് അംഗീകൃതമായ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രീ-മെട്രിക് പഠനത്തിന് കാലാകാലങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്ന ഫീസ് നൽകുന്നതാണ്. CBSE, ICSE, State Syllabus എന്നിവയ്ക്ക് മേൽനിർദ്ദേശം ബാധകമാണ്. മേൽപ്പറഞ്ഞ പ്രകാരം പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും സർക്കാർ അംഗീകരിക്കുന്നതുമായ ഫീസും അനുവദിക്കുന്നതാണ്.

www.keralagovernmentorders.blogspot.in

(63)

(ii) എന്നാൽ മേൽപ്പറഞ്ഞ സിലബസ് പ്രകാരം അൺഎയിഡഡ് സ്ഥാപനങ്ങളിലെ ഹയർ സെക്കന്ററി (+1, +2) വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതല്ല.

(iii) സ്വകാര്യ അൺഎയിഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല.

D. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ

(i) ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി. എം. ഇ., ഡി. എച്ച്. എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്.

(ii) സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ മാത്രമേ ഫീസ് നൽകുകയുള്ളു.

(iii) CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷവഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും പരാമർശം (1)-ലെ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(iv) മാനേജ്മെന്റ്, പ്രിവിലേജ്/എൻ. ആർ. ഐ. ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് ആനുകൂല്യത്തിന് അർഹത ഉണ്ടാവില്ല.

E. ഡീംഡ് യൂണിവേഴ്സിറ്റികൾ

കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാന സർക്കാരിന്റേയോ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. എന്നാൽ സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നവർക്ക് ആനുകൂല്യത്തിന് അർഹതയില്ല.

F. പാരലൽ കോളേജ് വിദ്യാഭ്യാസം

+1 കോഴ്സിന് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ജില്ലകളിലെ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പ്രവേശനം ലഭിച്ചിട്ടില്ലായെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പാരലൽ ആയി പ്രൈവറ്റ് കേന്ദ്രങ്ങ

www.keralagovernmentorders.blogspot.in

ളിൽ പഠിക്കേണ്ടി വരികയാണെങ്കിൽ യൂണിവേഴ്സിറ്റി/ബോർഡ് നിശ്ചയിച്ച പരീക്ഷാഫീസിന് പുറമേ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ട്യൂഷൻ ഫീസും അനുവദിക്കുന്നതാണ്. ഇതോടൊപ്പം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റു ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

## വിഭാഗം—II സംസ്ഥാനത്തിന് പുറത്തുള്ള പഠനം

### A. ജനറൽ കോഴ്സുകൾ

(i) കേരളത്തിനു പുറത്ത് താൽക്കാലികമായി താമസിക്കേണ്ടിവരുന്ന കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ മക്കൾക്ക് അന്യ സംസ്ഥാനങ്ങളിലെ സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ ചേർന്ന് പഠിക്കേണ്ടിവരുന്നപക്ഷം ഇവർ സംസ്ഥാനത്തിനകത്ത് സർക്കാർ സ്ഥാപനത്തിൽ പഠിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ii) സംസ്ഥാനത്തിനു പുറത്ത് 1950-നുമുൻപ് സ്ഥിരതാമസമാക്കിയിട്ടുള്ള കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ പിൻതലമുറക്കാർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(iii) കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

### B. പ്രൊഫഷണൽ കോഴ്സുകൾ

(i) കേന്ദ്രസർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്.

(ii) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതാണ്.

(iii) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, പ്രൈവറ്റ് ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴി വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ല.

www.keralagovernmentorders.blogspot.in

(iv) കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്ന കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

പൊതു വ്യവസ്ഥകൾ

1. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75 ശതമാനം ഹാജർ ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

2. സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് പ്രിവിലേജ്/എൻ. ആർ. ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതല്ല.

3. M.B.B.S., B.V.Sc., Engineering, B.A.M.S. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ തോറ്റു പഠിക്കേണ്ടിവരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം പരീക്ഷ ഫീസ് മാത്രം നൽകുന്നതാണ്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റു പഠിക്കുന്നതിന് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

4. കോഴ്സുകളുടെ ഫീസ് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ടൂറിസം വകുപ്പ് എന്നീ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കോഴ്സുകൾക്ക് പ്രസ്തുത ഉത്തരവിലെ ഫീസ് അനുവദിക്കുന്നതാണ്. മറ്റു കോഴ്സുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവുകൾ ബാധകമായിരിക്കും.

5. സ്പോർട്ട്സ് ക്വാട്ടയിലും ഡിഫൻസ് ക്വാട്ടയിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

6. ഈ ഉത്തരവിലെ ഏതെങ്കിലും ഭാഗം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാകുന്നപക്ഷം ആയത് സർക്കാർ പുറപ്പെടുവിക്കുന്നതാണ്. മറിച്ച് ഇത് സംബന്ധിച്ച് കീഴ്തലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്പഷ്ടീകരണംവഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നപക്ഷം പ്രസ്തുത നഷ്ടം അതിനുത്തരവാദിയായവരിൽനിന്ന് വസൂലാക്കുന്നതാണ്.

7. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രോജക്ട് അലവൻസും ഇന്റേൺഷിപ്പും അനുവദിക്കുന്നതാണ്.

www.keralagovernmentorders.blogspot.in

8. അന്യ സംസ്ഥാന പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം ആവശ്യപ്പെട്ട് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സർക്കാരിൽ ലഭിച്ച് തീർപ്പാകാതെ കിടക്കുന്ന പരാതികളും തീർപ്പാക്കിയതിന്മേൽ ലഭിക്കുന്ന അപ്പീൽ പരാതികളും മുൻ ഉത്തരവുകൾ പ്രകാരം പ്രത്യേകം പരിഗണിച്ച് തീർപ്പാക്കാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമായിരിക്കും.

C. വിദേശ പഠനം

വിദേശ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഇതിനുമുമ്പ് ഈ വകുപ്പ് പുറപ്പെടുവിച്ച് പരാമർശം (1)-ലെ ഉത്തരവ് ഒഴികെയുള്ള മറ്റെല്ലാ ഉത്തരവുകളും ഇതോടെ ഇല്ലാതാകുന്നതാണ്. എന്നാൽ മെസ് ചാർജ്, സ്റ്റൈപ്പെന്റ്, യൂണിഫോം ചാർജ്, പോക്കറ്റ് മണി, ലംപ്സം ഗ്രാന്റ്, സ്റ്റഡി ടൂർ, പ്രോജക്ട് അലവൻസ്, തീസിസ് ഗ്രാന്റ്, ടി. എ., ഡി.എ., മത്സരപരീക്ഷകൾക്കുള്ള പ്രത്യേക ധനസഹായം, രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹനം, ബുക്ക് അലവൻസ് തുടങ്ങിയ മേഖലകളിൽ മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

പുതിയ ഉത്തരവിനുശേഷം ഇതിന് വിരുദ്ധമായി അനുവദിക്കപ്പെടുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തിരിച്ചു പിടിക്കുന്നതാണ്.

www.keralagovernmentorders.blogspot.in

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം;

**പോൾ ആന്റണി,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം.
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ മുഖേന).

65/ (67)

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചി/കണ്ണൂർ യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

സെക്ഷൻ ഓഫീസർ

www.keralagovernmentorders.blogspot.in

## അനുബന്ധം

### പ്രൊഫഷണൽ ആന്റ് ജോബ് ഓറിയന്റഡ് കോഴ്സുകളുടെ പട്ടിക

1. എഞ്ചിനീയറിംഗ്/അനുബന്ധ കോഴ്സുകൾ
2. എം.ബി.ബി.എസ്.
3. ബി.ഡി.എസ്.
4. ബി.എ.എം.എസ്.
5. ബി.എച്ച്.എം.എസ്.
6. ബി.എസ്.എം.എസ്.
7. ബി.ഫാം./ഡി.ഫാം. (എല്ലാ വിഭാഗത്തിലും)
8. എല്ലാ മെഡിക്കൽ ബിരുദാനന്തരബിരുദ കോഴ്സുകൾ
9. എല്ലാ പാരാമെഡിക്കൽ കോഴ്സുകൾ
10. ബി.എസ്സി. നഴ്സിംഗ് (എല്ലാ വിഭാഗത്തിലും)
11. ബി.എസ്സി. (അഗ്രി) ആന്റ് എം.എസ്സി. (അഗ്രി)
12. ബി.വി.എസ്സി. ആന്റ് എം.വി.എസ്സി.
13. ബി.എഫ്.എസ്സി. ആന്റ് എം.എഫ്.എസ്സി.
14. പാരാ വെറ്ററിനറി കോഴ്സസ്
15. പാരാ അഗ്രി കോഴ്സസ്
16. പാരാ ഫിഷറീസ് കോഴ്സസ്
17. ഡയറി കോഴ്സസ്
18. എഞ്ചിനീയറിംഗ് പി.ജി. കോഴ്സസ്
19. കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ്സ്
20. ബി.എഡ്. ആന്റ് എം.എഡ്.
21. ബി.പി.എഡ്. ആന്റ് എം.പി.എഡ്.
22. റ്റി.റ്റി.സി. ആന്റ് പി.പി.റ്റി.റ്റി.സി.
23. എം.സി.എ., ബി.ബി.എ., ബി.സി.എ.
24. എം.ബി.എ.
25. എം.എസ്.ഡബ്ല്യു.
26. എൽഎൽ.ബി., എൽഎൽ.എം. ആന്റ് ബി.ജി.എൽ.
27. ജനറൽ നഴ്സിംഗ് കോഴ്സസ്
28. ബി.റ്റി.എ. ആന്റ് എം.റ്റി.എ.
29. ബി.എൽ.ഐ.എസ്., എം.എൽ.ഐ.എസ്., സി.എൽ.ഐ.എസ്. & ഡി.എൽ.ഐ.എസ്.

www.keralagovernmentorders.blogspot.in

67/ (69)

- ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

31. എൻ.ഐ.എഫ്.റ്റി. കോഴ്സുകൾ
32. എം.എഫ്.എ./ബി.എഫ്.എ. (ഫൈൻ ആർട്സ്)
33. ഹൗസ് സർജൻസി
34. കമ്പനി സെക്രട്ടറിഷിപ്പ്
35. പൈലറ്റ് ആന്റ് എയർ ഹോസ്റ്റസ് പരിശീലനം
36. ചാർട്ടേഡ് അക്കൗണ്ടൻസി/ഐ.സി.ഡബ്ല്യു.എ.
37. മ്യൂസിക് കോഴ്സുകൾ
38. ലാറ്ററൽ എൻട്രി സ്കീം പ്രകാരമുള്ള കോഴ്സുകൾ
39. ഗവ. അംഗീകരിച്ച മറ്റ് സ്പെഷ്യൽ കോഴ്സുകളും ഇനി അംഗീകരിക്കാവുന്ന കോഴ്സുകളും.

---

www.keralagovernmentorders.blogspot.in

അനുബന്ധം-2

4044
/9/9/16

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ച ഉത്തരവിലെ വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത '10' ലേക്കു ക്രമപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ. ഉ. (പി) നമ്പർ 4/2016/പജ.പവ.വിവ. തിരുവനന്തപുരം, 2016 ജൂലൈ 23.

പരാമർശം:—25-6-2016-ലെ സ. ഉ. (എംഎസ്.) നമ്പർ 43/2016/പജ.പവ.വിവ.

ഉത്തരവ്

സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

പരാമർശത്തിലെ ഉത്തരവിലെ വർദ്ധിപ്പിച്ച നിരക്കുകൾ അതിന്റെ അടുത്ത (nearest) '10' ലേക്ക് ക്രമപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. റംലത്ത്,
*ജോയിന്റ് സെക്രട്ടറി.*

GCPT. 3/2689/2016/S-9.

സത്യപ്പകർപ്പ്

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ. എസ്.എ.) കേരള, തിരുവനന്തപുരം.

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഹോമിയോപ്പതിക് വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.

ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (വെൽഫെയർ ആന്റ് വിംഗ്) (54859/വെ.വി3/15/ധന. പ്രകാരം).

പട്ടികജാതി-പട്ടികവർഗ്ഗ വികസന (പി. എം.) വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

ഐ. ആന്റ് പി. ആർ. ഡി. (വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

## അനുബന്ധം

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പ്രീ-മെട്രിക് പഠനം (ലംപ്സം ഗ്രാന്റ് നിരക്ക്)** | | |
| നഴ്സറി സ്കൂൾ | 150 | 190 |
| എൽ. പി. വിഭാഗം (ക്ലാസ്സ് I മുതൽ IV വരെ) | 250 | 320 |
| യു. പി. വിഭാഗം (ക്ലാസ്സ് V മുതൽ VII വരെ) | 500 | 630 |
| ഹൈസ്കൂൾ വിഭാഗം (ക്ലാസ്സ് VIII മുതൽ X വരെ) | 750 | 940 |
| ഒരു ക്ലാസ്സിൽ ഒരു പ്രാവശ്യം തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ കാണിച്ചിട്ടുള്ള നിരക്കിന്റെ 50%-ന് അർഹത ഉണ്ടായിരിക്കും. | | |
| **പോസ്റ്റ്-മെട്രിക് പഠനം (ലംപ്സം ഗ്രാന്റ് നിരക്ക്)** | | |
| **ആർട്സ് ആന്റ് സയൻസ് കോളേജുകൾ** | | |
| +1, +2, വൊക്കേഷണൽ ഹയർ സെക്കണ്ടറി തുടങ്ങിയ പ്രീഡിഗ്രിക്ക് തുല്യമായ കോഴ്സുകൾക്ക് | 900 | 1130 |
| ബി.എ./ബി.എസ്സി./ബി.കോം./ബി.എഡ്. തത്തുല്യം | 950 | 1190 |
| എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യു. തത്തുല്യം | 1250 | 1570 |
| **ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം, ഇടക്കാട്, പുറനാട്ടുകര സംസ്കൃത വിദ്യാപീഠം, ആദർശ് സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി** | | |
| മാധ്യമ | 350 | 440 |
| ശാസ്ത്രി (ഒന്നും രണ്ടും വർഷം) | 750 | 940 |
| ശാസ്ത്രി (മൂന്നാം വർഷം) | 650 | 820 |
| പ്രാക്ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം) | 900 | 1130 |
| ശാസ്ത്രി (ബി.എ.-യ്ക്ക് തുല്യം) | 950 | 1190 |
| ആചാര്യ (എം.എ.-യ്ക്ക് തുല്യം) | 1250 | 1570 |
| **മെഡിക്കൽ കോളേജുകൾ** | | |
| എം.ബി.ബി.എസ്./ബി.ഡി.എസ്./എം.എസ്./എം.ഡി. | 2500 | 3130 |
| ഹൗസ് സർജൻസി | 1600 | 2000 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പാരാമെഡിക്കൽ കോഴ്സുകൾ** | | |
| ബി.എസ്‌സി. എം.എൽ.റ്റി. (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്) | 800 | 1000 |
| കോമ്പൗണ്ടിംഗ് ആന്റ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 650 | 820 |
| ഡെന്റൽ മെക്കാനിക് സർട്ടിഫിക്കറ്റ് കോഴ്സ് | 650 | 820 |
| ഒപ്റ്റീഷ്യൻ ആന്റ് റിഫ്രാക്ഷനിസ്റ്റ് കോഴ്സ് | 650 | 820 |
| ഓർത്തോപ്റ്റിക് കോഴ്സ് | 650 | 820 |
| ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 650 | 820 |
| ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം.) (ഡി.എം.ഇ.-യുടെ അംഗീകാരത്തോടെ സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഡി.ഫാം. ഉൾപ്പെടെ) | 650 | 820 |
| മെഡിക്കൽ റിക്കാർഡ് കീപ്പിംഗ് | 650 | 820 |
| സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റന്റ് കോഴ്സ് | 650 | 820 |
| റേഡിയോഗ്രാഫർ ട്രെയിനിംഗ് കോഴ്സ് | 650 | 820 |
| സാനിറ്ററി ഇൻസ്പെക്ടേഴ്സ് കോഴ്സ് | 650 | 820 |
| ഒഫ്താൽമിക് അസിസ്റ്റന്റ് കോഴ്സ് | 650 | 820 |
| **ബി.ഫാം. കോഴ്സ്** | | |
| ഒന്നാം വർഷം | 1000 | 1250 |
| രണ്ടാം വർഷം | 1350 | 1690 |
| മൂന്നാം വർഷം | 2050 | 2570 |
| നാലാം വർഷം | 2500 | 3130 |
| **നേഴ്സിംഗ് കോഴ്സ്** | | |
| ബി.എസ്‌സി. നേഴ്സിംഗ് | 800 | 1000 |
| പി.ഡി.സി. നേഴ്സിംഗ് | 750 | 940 |
| ജനറൽ നേഴ്സിംഗ് | 1050 | 1320 |
| എ.എൻ.എം./ഹെൽത്ത് വർക്ക് ട്രെയിംനിംഗ് കോഴ്സ്/ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് | 700 | 880 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **ആയുർവേദ കോളേജുകൾ** | | |
| വിഷ ഡിപ്ലോമ കോഴ്സുകൾ ബി.എ.എം./ബി.എം.എസ്./ ഡി.എ.എം./കണ്ടൻസ് ബി.എ.എം./ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ് | 1350 | 1690 |
| ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നേഴ്സിംഗ് | 1050 | 1320 |
| **ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | | |
| ഡി.എച്ച്.എം.എസ്./ഡി.എച്ച്.എം. ഹൗസ് സർജൻസ്/ ഇന്റേൺഷിപ്പ് | 1350 | 1690 |
| ബി.എച്ച്.എം.എസ്. (ഹോമിയോ ഡിഗ്രി കോഴ്സ്) | 1800 | 2250 |
| **എഞ്ചിനീയറിംഗ് കോളേജുകൾ** | | |
| ബി.എസ്സി. (എഞ്ചിനീയറിംഗ് ബി.ഇ./ബി.ടെക്.) എം.എസ്സി./എം.ടെക്. (കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ) | 1800 | 2250 |
| **കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസ്** | | |
| ബി.വി.എസ്സി. (വെറ്ററിനറി) | 1800 | 2250 |
| എം.വി.എസ്സി. | 1800 | 2250 |
| **ഹോർട്ടികൾച്ചർ കോളേജ്** | | |
| ബി.എസ്സി. (ഹോർട്ടി) | 1800 | 2250 |
| എം.എസ്സി. (ഹോർട്ടി) | 1800 | 2250 |
| **അഗ്രിക്കൾച്ചറൽ കോളേജ്** | | |
| ബി.എസ്സി. (അഗ്രിക്കൾച്ചർ) | 1800 | 2250 |
| എം.എസ്സി. (അഗ്രിക്കൾച്ചർ) | 1800 | 2250 |
| എം.എഫ്.എസ്സി. (അഗ്രിക്കൾച്ചർ) | 2050 | 2570 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചർ ടെക്നോളജി ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സ് | 700 | 880 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **ലാ കോളേജുകൾ** | | |
| എൽഎൽ.ബി. | 1500 | 1880 |
| എൽ.എൽ.എം. | 1500 | 1880 |
| **ട്രെയിനിംഗ് കോളേജുകൾ** | | |
| ബി.എഡ്. | 1050 | 1320 |
| എം.എഡ്. | 1050 | 1320 |
| റ്റി.റ്റി.സി./എൽ.റ്റി.റ്റി.സി. | | |
| ഒന്നാം വർഷം | 600 | 750 |
| രണ്ടാം വർഷം | 450 | 570 |
| ജെ.ഡി.സി. (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 650 | 820 |
| എച്ച്.ഡി.സി./എ.ഡി.സി./ഡി.സി.പി. (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 700 | 880 |
| സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് (കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്റർ) | 650 | 820 |
| **ഡിപ്ലോമ കോഴ്സുകൾ** | | |
| പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകൾ | 700 | 880 |
| **ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകൾ** | | |
| ഡിപ്ലോമ കോഴ്സുകൾ | 650 | 820 |
| സർട്ടിഫിക്കറ്റ് കോഴ്സുകൾ | 350 | 440 |
| **ഫൈൻ ആർട്സ് കോളേജുകൾ** | | |
| പ്രിപ്പറേറ്ററി ഇൻ നാഷണൽ ഡിപ്ലോമ/ഡിഗ്രി കോഴ്സ്/ ബി.എഫ്.എ. കണ്ടൻസ് കോഴ്സ് | 700 | 880 |
| എം.എഫ്.എ. | 1250 | 1570 |
| സെൻട്രൽ പോളിടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എം.റ്റി.ഐ., തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, റ്റി. വി. എഞ്ചിനീയറിംഗ്/ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്/പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ കമ്പ്യൂട്ടർ ആന്റ് ഹാർഡ്‌വെയർ മെയിന്റനൻസ്/പോസ്റ്റ് ഡിപ്ലോമ കോഴ്സ് ഇൻ ഇലക്ട്രോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് കോഴ്സ് | 650 | 820 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ** | | |
| **കേരള യൂണിവേഴ്സിറ്റി** | | |
| (എ) മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് | 1800 | 2250 |
| **കൊച്ചിൻ യൂണിവേഴ്സിറ്റി** | | |
| (എ) എം.ബി.എ. | 1050 | 1320 |
| (ബി) ഡിപ്ലോമ ഇൻ ലേബർ ലാ | 1050 | 1320 |
| (സി) ബി.ടെക്. കോഴ്സ് ഇൻ റബ്ബർ പ്രോസ്സസിംഗ് ആന്റ് ടെക്നോളജി | 1750 | 2190 |
| (ഡി) ടെക്നോളജിക്കൽ കോഴ്സ് ഇൻ നേവൽ ആർക്കിടെക്ചർ ആന്റ് ഷിപ്പ് ബിൽഡിംഗ് | 1750 | 2190 |
| (ഇ) ഡി.ബി.എ. (പി. ജി. ഡിപ്ലോമ ഇൻ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ) | 1050 | 1320 |
| (എഫ്) എം. എസ്സി. മറൈൻ ബയോളജി ആന്റ് ഓഷ്യാനോഗ്രാഫി | 1050 | 1320 |
| ബി.ഐ.എൻ. കോഴ്സ് | 850 | 1070 |
| **കോഴിക്കോട് യൂണിവേഴ്സിറ്റി** | | |
| (എ) എം.സി.റ്റി. (മാസ്റ്റർ ഓഫ് കോളേജ് ടീച്ചിംഗ്) | 700 | 880 |
| (ബി) എം.ബി.എ. | 1050 | 1320 |
| (സി) ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | 1050 | 1320 |
| (ഡി) ബി.ടി.എ. കോഴ്സ് | 750 | 940 |
| **കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി** | | |
| (എ) ബി.ടെക്. അഗ്രി./എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ | 1800 | 2250 |
| (ബി) ബി.എസ്സി. ഫോറസ്ട്രി കോഴ്സ് | 1800 | 2250 |
| (സി) ബി.എസ്സി. റൂറൽ ഹോംസയൻസ് | 1550 | 1940 |
| (ഡി) ഡിപ്ലോമ കോഴ്സ് ഇൻ അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ എഞ്ചിനീയറിംഗ് | 700 | 880 |
| (ഇ) ബി.എഫ്.എസ്സി. | 2050 | 2570 |
| (എഫ്) മേക്കപ്പ് കോഴ്സ് ഫോർ ഡിപ്ലോമ ഹോൾഡേഴ്സ് | 750 | 940 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **കേരള കലാമണ്ഡലം** | | |
| ഡിപ്ലോമ കോഴ്സുകൾ | 900 | 1130 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾ | 1050 | 1320 |
| **കേരള പ്രസ് അക്കാദമി** | | |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം | 900 | 1130 |
| **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, തിരുവനന്തപുരം (കെ.ഐ.റ്റി.റ്റി.എസ്.)** | | |
| പി. ജി. ഡി. ബി. എ. (4 സെമസ്റ്റർ കോഴ്സ്) (മുമ്പ് പി.ജി.ഡി.റ്റി.റ്റി.എം. 2 സെമസ്റ്റർ) | 1050 | 1320 |
| ഡി.എം.റ്റി.എം. | 650 | 820 |
| ഡി.റ്റി.റ്റി.ഐ.എം. (6 മാസ കോഴ്സ്, 8 മോഡ്യൂൾസ്) | 700 | 880 |
| ഗവൺമെന്റ് സ്ഥാപനങ്ങൾ, രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര, ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ എന്നിവിടങ്ങളിലെ വിവിധ കോഴ്സുകൾ | 700 | 880 |
| **വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ, ഗവ. സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും** | | |
| **എഞ്ചിനീയറിംഗ്/നോൺ എഞ്ചിനീയറിംഗ്** | | |
| ഒന്നാം വർഷം | 600 | 750 |
| രണ്ടാം വർഷം | 500 | 630 |
| അംഗീകൃത കോളേജുകളിലെ നടന ഭൂഷണ കോഴ്സ് (പ്രീ-മെട്രിക്) | 450 | 570 |
| **പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾ** | | |
| ഒന്നാം വർഷം | 650 | 820 |
| രണ്ടാം വർഷം | 500 | 630 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **മറ്റ് കോഴ്സുകൾ** | | |
| കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 700 | 880 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ.) | 1050 | 1320 |
| പി.ജി.ഡി.എം. | 1050 | 1320 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻ | 1050 | 1320 |
| ഹോമിയോ എം.ഡി./ഗ്രേഡഡ് ഡിഗ്രി | 1800 | 2250 |
| ബി.വി.എസ്സി. ആന്റ് എച്ച്. | 1800 | 2250 |
| മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ | 2500 | 3130 |
| ബി.എസ്സി. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് | 800 | 1000 |
| എം.ഡി.എസ്. | 2500 | 3130 |
| കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ കോഴ്സ് | 800 | 1000 |
| യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ വിവിധ പി.ജി. കോഴ്സുകൾ | 1150 | 1440 |
| ബി.എസ്സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് | 1800 | 2250 |
| സെൻട്രൽ സ്കൂൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11-ഉം 12-ഉം ക്ലാസ്സുകൾ | 900 | 1130 |
| ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ | സ്പോർട്സ് ഉപകരണത്തിന്റെയും യൂണിഫോമിന്റെയും യഥാർത്ഥ ചെലവ് | |
| ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി | 700 | 880 |
| സ്കൂൾ ഓഫ് പ്രിന്റിംഗ് ടെക്നോളജി | 700 | 880 |
| തൃശ്ശൂർ ഐ.ടി.ഐ., തിരുവനന്തപുരം ഐ.ടി.ഐ. എന്നിവിടങ്ങളിലെ ഓട്ടോമൊബൈൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒഴികെയുള്ള കോഴ്സുകൾ | 700 | 880 |
| പ്രിപ്പറേറ്ററി കോഴ്സ് ഇൻ റൂറൽ സർവീസ് | 750 | 940 |
| ഡിപ്ലോമ ഇൻ റൂറൽ സർവീസ് | 750 | 940 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| ഡിപ്ലോമ ഇൻ കാറ്ററിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ | 650 | 820 |
| ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക്കീപ്പിംഗ് | 650 | 820 |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുന്ന ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ | 650 | 820 |
| പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് | 550 | 690 |
| ചാർട്ടേർഡ് അക്കൗണ്ടൻസി ഫോർ ഇന്റർമീഡിയറ്റ് | 1300 | 1630 |
| ചാർട്ടേർഡ് അക്കൗണ്ടൻസി ഫോർ ഫൈനൽ | 1350 | 1690 |
| ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നേഴ്സിംഗ് | 1050 | 1320 |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റൻഷൻ സെന്റർ, കോഴിക്കോട് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കുക്കറി, റെസ്റ്റോറന്റ് കൗണ്ടർ സർവീസ് ആന്റ് ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക്കീപ്പിംഗ് ഇൻ ഫുഡ് | 650 | 820 |
| **അഗ്രി മെക്കാനിക് കോഴ്സ്** | | |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ ടെക്നോളജി, തവനൂർ നടത്തുന്നത് | 450 | 570 |
| **നോൺ ഡിഗ്രി കോഴ്സുകൾ—(കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ കോഴ്സുകൾ)** | | |
| (എ) ഡിപ്ലോമ കോഴ്സ് ഇൻ സോഷ്യൽ സർവീസസ്/ എൻ.സി.ഡി.യു. വിദ്വാൻ, വിശാരദ്, ശാസ്ത്രി/ ഭൂഷൺ പോലുള്ള ഡിഗ്രി കോഴ്സുകൾ | 500 | 630 |
| (ബി) അറബിക് കോഴ്സുകളിലെ അഫ്സൽ ഉൽ-ഉദുമ-ടൈറ്റിൽ കോഴ്സ് | 500 | 630 |
| (സി) ആർട്സ് കോളേജുകളിൽ, ഓറിയന്റൽ ലാംഗ്വേജ്, അറബിക് കോളേജുകൾ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന മറ്റ് പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകൾ | 500 | 630 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| (ഡി) ആയുർവേദ മഹാപാഠശാല, ഷൊർണ്ണൂർ | 1050 | 1320 |
| (ഇ) കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 1050 | 1320 |
| (എഫ്) മാധവ മെമ്മോറിയൽ ആയുർവേദ കോളേജ്, കണ്ണൂർ | 1050 | 1320 |
| കോ-ഓപ്പറേറ്റീവ് കോളേജുകൾ | 500 | 630 |
| പോസ്റ്റ് ഡിപ്ലോമ കോഴ്സ്—പൗൾട്രി ടെക്നോളജി | 700 | 880 |
| ബി. എഡ്. സെഷണൽ കോഴ്സ് | 950 | 1190 |
| സംഗീത കോളേജുകളിലെ നടനഭൂഷണം ഒഴികെയുള്ള പോസ്റ്റ് മെട്രിക് കോഴ്സുകൾ | 700 | 880 |
| എം. എസ്സി. ആന്റ് ബി. കോഴ്സ്, സഹകരണ ബാങ്കിംഗ് കോളേജ്, മണ്ണുത്തി | 1300 | 1630 |
| സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിൽ നടത്തുന്ന ബി.ബി.എ./ബി.സി.എ./ബി.എസ്സി. (ഇലക്ട്രോണിക്സ്) തുടങ്ങിയ കോഴ്സുകൾ | 950 | 1190 |

## പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക്

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പ്രീ-മെട്രിക് കോഴ്സുകൾ** | | |
| (നായാടി, വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും) കൂടാതെ പട്ടികജാതി വിഭാഗത്തിലെ പിന്നാക്കക്കാരായി പരിഗണിച്ചിട്ടുള്ള അരുന്ധതിയാർ/ചക്ലിയൻ വിദ്യാർത്ഥികൾക്കും | (കള്ളാടി സമുദായത്തെ ഉൾപ്പെടുത്തണം) | |
| സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ | 100 | 130 |
| സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ | 125 | 160 |
| സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ | 150 | 190 |

| | നിലവിലുള്ള നിരക്ക് (₹) | വർദ്ധിപ്പിച്ച നിരക്ക് (₹) |
|---|---|---|
| **പോസ്റ്റ്-മെട്രിക് കോഴ്സുകൾ** | | |
| 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് | 500 | 630 |
| 8 കിലോമീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് } കിലോമീറ്റർ വ്യത്യാസമില്ലാതെ | 600 | 750 |
| പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്ക് | 500 | 630 |
| വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവൺമെന്റ് സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും) | 400 | 500 |
| സംഗീത കോളേജുകളിലെ നടനഭൂഷണം കോഴ്സ് | 400 | 500 |
| **പോക്കറ്റ് മണി** | | |
| മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായിവരുന്ന കോഴ്സുകൾക്ക് | 150 | 190 |
| ഡിപ്ലോമയും അതിനുതാഴെയുള്ള കോഴ്സുകൾക്ക് | 150 | 190 |
| പ്രീ-മെട്രിക് കോഴ്സ് (പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക്) | 100 | 130 |